**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3801**

**15.05.2017-ൽ മറുപടിയ്ക്ക്**

**കെട്ടിടനിർമ്മാണ സാമഗ്രികൾ ഗുണഭോക്താക്കൾക്ക് വിലകുറച്ച് നൽകുന്ന കലവറ പദ്ധതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ. കെ.സി. ജോസഫ്<br>ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. അൻവർ സാദത്ത് | ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് 'കലവറ പദ്ധതി' കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ ; | (എ) സംസ്ഥാനത്ത് കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ 2009-ൽ ആരംഭിച്ച കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണനകേന്ദ്രമായ കലവറ നിലവിൽ 8 ജില്ലകളിലായി (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, കോഴിക്കോട്) 12 എണ്ണം പ്രവർത്തിച്ചു വരുന്നു. 5 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയായിട്ടുണ്ട്. കൂടാതെ കാസർഗോഡ് ജില്ലയിലും ഉടൻ തന്നെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്. കെസ്നിക്കിന്റെ കലവറകൾ കൂടാതെ ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ വഴിയും സിമന്റ്, കമ്പി എന്നിവ സൗജന്യ നിരക്കിൽ ബി.പി.എൽ ഗുണഭോക്താക്കൾക്ക് നൽകുന്നതിനായുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. |
| (ബി) ഇതുവഴി കെട്ടിട നിർമ്മാണത്തിന് എന്തെല്ലാം സാമഗ്രികളാണ് ഗുണഭോക്താക്കൾക്ക് വിലകുറച്ച് നൽകുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) 600 ചതുരശ്ര അടി വരെ തറ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്ന ബി.പി.എൽ ഗുണഭോക്താക്കൾക്ക് കലവറയിൽ നിന്നും സിമന്റ്, കമ്പി എന്നിവ പൊതുവിപണിയിലെ വിലയേക്കാൾ (നിർമ്മിതിക്കു ലഭിക്കുന്ന) 15% സൗജന്യ നിരക്കിൽ നൽകി വരുന്നു. പുതിയ വീടിന്റെ നിർമ്മാണം, അറ്റകുറ്റപ്പണികൾ എന്നീ പ്രവർത്തനങ്ങൾക്ക് നിർമ്മിതിയിൽ നിന്നും കമ്പി, സിമന്റ് എന്നിവ നൽകി വരുന്നു, കൂടാതെ അനധികൃതമായി കടത്തുമ്പോൾ പിടിച്ചെടുക്കുന്ന മണലും, സർക്കാർ നിശ്ചയിച്ച നിരക്കിൽ കലവറയിൽ നിന്നും വിതരണം ചെയ്തു വരുന്നു. |

| | |
|---|---|
| (സി) ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് എന്തെങ്കിലും മാർഗ്ഗനിർദ്ദേശം പാലിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) 1. 2000 ചതുരശ്ര അടി വരെ തറ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്ന/അറ്റകുറ്റപ്പണികൾ നടത്തുന്ന വ്യക്തികൾ ആയിരിക്കണം.<br>2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വീട് നിർമ്മാണത്തിന് അനുവാദമോ/ എൻ.ഒ.സി.യോ ലഭിച്ച രേഖകൾ നൽകണം.<br>3. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർ ആണെങ്കിൽ അത് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ നൽകണം.<br>4. സർക്കാരിന്റെ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെട്ട വീട്ടു നിർമ്മാണം ആണെങ്കിൽ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കണം.<br>5. പഴയ വീടുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, അറ്റകുറ്റപ്പണികൾ എന്നിവ നടത്തുന്നവർക്കും പരിശോധനയ്ക്ക് ശേഷം സാമഗ്രികൾ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ